നാഷണൽ സേവിംഗ്സ് ഉദ്യോഗസ്ഥൻമാർ

* 68 (276) ശ്രീ. ആർ. കൃഷ്ണൻ. (പാലക്കാട്):

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ

(എ) നാഷണൽ സേവിംഗ്സ് ഡിസ്ട്രിക്റ്റ് ഉദ്യോഗസ്ഥൻമാരുടെ തസ്തിക തുടരേണ്ടതില്ലെന്ന് മുൻ ഗവൺമെൻറ് തീരുമാനം മാറ്റി ഇവരെ തുടരാൻ അനുവദിച്ചത് എന്തുകൊണ്ടാണ്;

(ബി) അതു സംബന്ധിച്ച ഫയൽ മേശപ്പുറത്തു വയ്ക്കുമോ?

ധനകാര്യ മന്ത്രി (ശ്രീ. എൻ. കെ. ശേഷൻ):

(എ) പരിചയ സമ്പന്നരായ ഉദ്യോഗസ്ഥൻമാരുടെ സേവനം ഫെബ്രുവരി അവസാനം വരെ നേടി, പിരിവ് വർദ്ധിപ്പിക്കുന്നതിനു വേണ്ടി.

(ബി) വയ്ക്കാൻ ഉദ്ദേശിക്കുന്നില്ല.

വീടുകയ്യേറ്റം തീവച്ച കേസ്.

* 69 (281) ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള:

താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശേരിക്കടുത്ത് പറാൽ എന്ന സ്ഥലത്ത് നൂറിൽ താഴെ വീടുകയ്യേറ്റം തീവച്ചതു സംബന്ധിച്ച് എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ട്;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ്;

(സി) എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ഡി) ഈ ഹീനകൃത്യം നടക്കുമെന്ന് പോലീസിനെ മുൻകൂട്ടി മനസിലാക്കാൻ കഴിഞ്ഞിരുന്നുവോ ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ)

(എ) 261–69, 262–69 എന്നീ നമ്പരുകളിൽ 2 കേസുകൾ ചങ്ങനാശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ക്രൈം 261–69 ഐ.പി.സി.143,147, 148, 149, 324,436 എന്നീ വകുപ്പുകൾ പ്രകാരവും ക്രൈം 262–69 ഐ.പി.സി. 143, 147, 148 149, 436 എന്നീ വകുപ്പുകൾ പ്രകാരവുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) മേൽ വിവരിച്ച 2 കേസുകളിലും 7 പ്രതികളെ വീതം അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

തൊഴിലാളികളുടെ മേലുള്ള മർദ്ദനം

* 70 (282) ശ്രീ. എം. കെ. കൃഷ്ണൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ജൻമികളും മറ്റും തൊഴിലാളികളെ മർദ്ദിക്കുകയും കൊലപ്പെടുത്തുകയും ചെയ്തു വരുന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly